## നിർദ്ദേശങ്ങൾ

1. ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗത്തിലേത് ഒഴികെയുള്ള ആൺകുട്ടികൾക്കുമാണ് സൗജന്യ യൂണിഫോം നൽകുന്നത്.
2. നിലവിൽ സ്കൂളിൽ പഠിക്കുന്ന ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ എല്ലാ പെൺകുട്ടികളുടെയും എ.പി,എൽ വിഭാഗത്തിലേതൊഴികെയുള്ള ആൺകുട്ടികളുടെയും എണ്ണം ഓൺലൈനിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. സ്റ്റാഫ് ഫിക്സേഷൻ പ്രവർത്തനങ്ങൾക്ക് (2013-14 അധ്യയനവർഷത്തെ - ആറാം പ്രവർത്തി ദിവസം) സ്കൂളുകളിൽ നിന്ന് നൽകിയിട്ടുള്ള വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
4. സ്കൂളുകളിൽ നിന്ന് നൽകിയിട്ടുള്ള പെൺകുട്ടികളുടെ എണ്ണം ഓൺലൈനിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണത്തിന് വ്യത്യാസമുണ്ടെങ്കിൽ ആയത് വരുത്തേണ്ടതാണ്.
5. സ്കൂളുകളിൽ നിന്ന് നൽകിയിട്ടുള്ള ആൺകുട്ടികളുടെ എണ്ണവും ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എ.പി.എൽ വിഭാഗത്തിലേത് ഒഴികെയുള്ള ആൺകുട്ടികൾക്കാണ് സൗജന്യ യൂണിഫോം നൽകുന്നത്. ആയതിനാൽ അർഹതയുള്ള ഓരോ ക്ലാസിലെയും ആൺകുട്ടികളുടെ എണ്ണം നിശ്ചിത കോളത്തിൽ പുതുതായി ഉൾപ്പെടുത്തേണ്ടതാണ്.
6. സൗജന്യ സ്കൂൾ യൂണിഫോമിന് അർഹതയുള്ള കുട്ടികളുടെ എണ്ണം കൃത്യമായി ഉൾപ്പെടുത്തി enter ചെയ്യേണ്ടതാണ്.
7. Enter ചെയ്ത കുട്ടികളുടെ എണ്ണത്തിൽ വ്യത്യാസമുണ്ടെങ്കിൽ അത് ഒരിക്കൽക്കൂടി പരിശോധിച്ച് edit ചെയ്യേണ്ടതും വ്യത്യാസമില്ലെങ്കിൽ submit ചെയ്യേണ്ടതുമാണ്. submit ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിൽ നൽകിയിരിക്കുന്ന സത്യവാങ്മൂലം ടിക് ചെയ്ത് confirm ബട്ടൺ ക്ലിക് ചെയ്യേണ്ടതാണ്.
8. ഇപ്പോൾ സൗജന്യ യൂണിഫോമിന് അർഹതയുള്ള കുട്ടികളുടെ എണ്ണം മാത്രമേ ഉൾപ്പെടുത്തേണ്ടതുള്ളൂ. റിപ്പോർട്ടിന്റെ പ്രിന്റൗട്ട് എടുക്കുകയോ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയോ ചെയ്യേണ്ടതില്ല.
9. സൗജന്യ സ്കൂൾ യൂണിഫോം വിതരണത്തിനുള്ള ടെണ്ടർ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് യൂണിഫോമുകളുടെ colour & pattern തെരഞ്ഞെടുക്കുന്നതിന് purchase order നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്.